# ഇസ്‌ലാമിന്റെ യഥാർത്ഥ ഭാവങ്ങൾ




മുനീർ അഹ്മദ് അസീം
ഹദ്റത്ത് മുഹ് യിദ്ദീൻ, അൽഖലീഫത്തുല്ലാഹ്
ജമാഅത്തുസ്സഹീഹിൽ ഇസ്ലാം

بسم الله الرحمن الرحيم

# THE FACETS OF ISLAM

*Munir Ahmad Azim*
*Hazrat Muhyi-ud-Din Al- Khalifathullah*
*Jamaat Ul Sahih Al Islam*

**പരിഭാഷകൻ**

**R. ജമാലുദീൻ റാവുത്തർ**
**അമീർ,**
**ജമാഅത്തുസ്സഹീഹിൽ ഇസ്ലാം**
**കേരള.**

# ഇസ്‌ലാമിന്റെ യഥാർത്ഥ ഭാവങ്ങൾ

**മുനീർ അഹ്മദ് അസീം**
**ഹസ്രത്ത് മുഹ് യിദ്ദീൻ, അൽഖലീഫത്തുല്ലാഹ്**
**ജമാഅത്തുസ്സഹീഹിൽ ഇസ്ലാം**

***Translated by:***

*R. Jamaluddin Raother*
*Amir, Jamaat Ul Sahih Al Islam*
*Kerala.*

# *Preface*

# ആമുഖം

വായനക്കാരുടെ മുമ്പിൽ ഇസ്ലാമിന്റെ ബഹുമുഖ ഭാവങ്ങൾ അവതരിപ്പിക്കുവാൻ എനിക്കതിയായ സന്തോഷമുണ്ട്. ഇസ്ലാമിന്റെ അടിസ്ഥാന തത്വം മുതൽ നിരനിരയായി ആർക്കും കവർന്നെടുക്കുവാൻ സാധിക്കാത്തവിധം അനന്തരമായി നൽകപ്പെടുന്ന അതിന്റെ ഭാവങ്ങൾ മുഴുവൻ, ഒരു മുസ്ലീമിന്റെ ജീവിതത്തിലുടനീളം, സജീവമായി നിലനിൽക്കേണ്ടതാണ്. മുസ്ലീം വിശുദ്ധ ഖുർആനും, തിരുസുന്നത്തും അനുസരിക്കുവാൻ ബാധ്യസ്ഥനാണ്. അവരണ്ടും മനസ്സിലാക്കികൊടുക്കുന്നതിനു വേണ്ടി അല്ലാഹു തന്റെ ദൂതന്മാരെ അയച്ച്, ജനങ്ങളെ അതിലേക്ക് ക്ഷണിക്കുന്നതാണ്.

ഇസ്ലാമിന്റെ സത്ത അതിവിപുലമാണ്. ''ഇസ്ലാമിന്റെ ഭാവങ്ങൾ'' *The Facets of Islam* എന്നു നാമകരണം ചെയ്യപ്പെട്ട ഈ പുസ്തകത്തിന്റെ ഒന്നാം വാല്യം, വായനക്കാരുടെ ഹൃദയങ്ങളിലേക്ക് ഒരു വഴി തുറക്കുമെന്നും, ഹൃദയത്തിന്റെയും ആത്മാവിന്റേയും പരിശുദ്ധതയുടെ സത്തയെപ്പറ്റി ഒരു ധാരണ ലഭിക്കുമെന്നും – സർവ്വശക്തനും പരിശുദ്ധനുമായ അല്ലാഹുവിനു സ്വയം സമർപ്പിക്കുന്നതിലൂടെയാണ് അതു ലഭ്യമാകുന്നതെന്നും നമ്മെ പഠിപ്പിക്കുന്നു.

| | |
|---|---|
| | *മുനീർ അഹ്മദ് അസീം* |
| *17 റംസാൻ 1430 ഹിജ്റ* | *ഹസ്രത്ത് മുഹ്‌യിദ്ദീൻ, അൽഖലീഫത്തുല്ലാഹ്* |
| *07 സെപ്തംബർ 2009* | *ജമാഅത്തുസ്സഹീഹിൽ ഇസ്ലാം* |

| | |
|---|---|
| | *Munir Ahmad Azim* |
| *17 Ramadan 1430 Hijra* | *Hazrat Muhyi-ud-Din, Al Khalifathullah* |
| *07 September 2009* | *Jamaat Ul Sahih Al Islam* |

# *What is Islam ?*

# ഇസ്ലാം എന്നാൽ എന്താണ് ?

ഇസ്ലാം എന്ന വാക്കിന്റെ പദാർത്ഥം ‘ സമാധാനം’ എന്നാകുന്നു. മനഃപ്പൊരുത്തത്തോടെയും സ്നേഹത്തോടെയും ഒരാളിന്റെ ഇച്ഛയെ കീഴ്പ്പെടുത്തിക്കൊടുക്കലാകുന്നു സമാധാനത്തിലേക്കുള്ള വഴി. ദൈവീക ഇച്ഛയ്ക്ക് പൂർണ്ണമായി കീഴ്പ്പെടുന്നതിലൂടെ അനന്തമായ സന്തോഷവും, പരിപൂർണ്ണ സമാധാനവും ജീവിതത്തിൽ നേടുക എന്നതാണ് ഇസ്ലാം എന്ന പേരു കൊണ്ട് വിവക്ഷിക്കുന്നത്.

മനുഷ്യ പ്രകൃതിയുമായി സ്വരൈക്യം പ്രദാനം ചെയ്യുന്ന അധ്യാപനങ്ങളുള്ള മതമാണ് ഇസ്ലാം. മുസ്ലീങ്ങളുടെ പരിശുദ്ധ ഗ്രന്ഥമായി കരുതുന്ന ഖുർആനെ അവർ വ്യാഖ്യാനിക്കുന്നത് മനുഷ്യ പ്രകൃതിയുമായി യോജിക്കുന്ന ഗ്രന്ഥമായിട്ടാണ്.

ഇസ്ലാം, വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചതുപോലെ, (5:4) (ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.) വിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി (സ.അ) യിലൂടെ വിശുദ്ധ ഖുർആനെ ലോക സമക്ഷം നൽകുന്നതിലൂടെ ലോകാരംഭത്തിൽ ദൈവം ഉദ്ഘാടനം ചെയ്ത മതത്തിന്റെ പൂർത്തീകരണം നിർവ്വഹിക്കപ്പെടുകയുണ്ടായി. ഒരു കുട്ടിയെ അക്ഷരങ്ങൾ ആദ്യം പഠിപ്പിക്കുന്നതുപോലെ, ദൈവം ലോകത്തിനെ അൽപാൽപ്പമായി മതം പാഠങ്ങൾ പഠിപ്പിച്ച്, അതായത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ പ്രവാചകന്മാരെ വിവിധ കാലഘട്ടങ്ങളിൽ അയച്ച് (മതാധ്യാപനം) ദൈവം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു.

ഗ്രഹണശേഷിയുടെ പാരമ്യതയിൽ ലോകം എത്തിച്ചേർന്നപ്പോൾ അവസാന പാഠവും സ്വീകരിക്കുവാൻ ലോകം പാകമായപ്പോൾ ദൈവം അവൻ തന്റെ പരിപൂർണ്ണത പ്രാപിച്ച അവസാന ഗ്രന്ഥമായ വിശുദ്ധഖുർആൻ തന്റെ പ്രവാചക ശ്രേഷ്ടനായ മുഹമ്മദ് നബി (സ.അ) യിലൂടെ അവതരിപ്പിച്ചു. വികസന പ്രക്രിയയുടെ ആദ്യ സന്ദർഭങ്ങളിൽ സമൂഹത്തിനു ഉൾകൊള്ളാൻ കഴിയാതിരുന്ന കാര്യങ്ങളും, മറ്റു ധാർമ്മികോദ്ബോധനങ്ങളും നൽകുകയും, മറ്റു മതങ്ങളിൽ കടന്നു കൂടിയ തെറ്റുകൾ നിരത്തി മാനവകുലത്തിന് ഒരു സമ്പൂർണ്ണ ഗ്രന്ഥം എല്ലാ വിശുദ്ധിയോടെയും നൽകപ്പെടുകയുണ്ടായി. അതുപോലെ ഏതൊരു ദൈവിക പ്രസ്ഥാനങ്ങളിലും നൽകപ്പെട്ട എല്ലാ സത്യങ്ങളെയും അതു അംഗീകരിക്കുകയും സമാഹരിക്കുകയും അതു മാനവ കുലത്തിനായി അന്തിമമായി സമർപ്പിക്കുകയും ചെയ്യുന്നു. ‘‘അതിൽ നിലനിൽക്കുന്നതായ മതവിധികളുണ്ട്.’’ (98:4)

അന്തിമമായി പറഞ്ഞാൽ, പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന മാനവകുലത്തിന് ആവശ്യമായ ആത്മീയ, ധാർമ്മികമായ എല്ലാ ആവശ്യങ്ങളും അതു ഉൾകൊള്ളുന്നു. തെറ്റായ നിലയിൽ മുഹമ്മദാനിസം എന്ന് വ്യഖ്യാനിക്കുന്ന, യഥാർത്ഥ ഇസ്ലാം ഇതാകുന്നു.

മനുഷ്യജീവിതത്തെ പൂർണ്ണമായും ആവരണം ചെയ്യലാണ് ഇസ്ലാമിന്റെ ലക്ഷ്യം. ഓരോരുത്തരിലും പൂർണ്ണ വളർച്ചക്കുള്ള വിത്ത് തങ്ങളിൽ തന്നെ നിക്ഷിപ്തമാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. അവന്റെ സൗഭാഗ്യങ്ങളെ അവൻ തന്നെയാണ് സൃഷ്ടിക്കുന്നതും വികലമാക്കുന്നതും. വിശുദ്ധ ഖുർആൻ പറയുന്നു.

‘‘ നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു.’’ (95:5.)

ഇസ്ലാമിന്റെ പ്രധാനതത്വം ദൈവത്തിന്റെ ഏകത്വമാണ്. ആരാധനയക്കർഹൻ അവനല്ലാതെ മറ്റാരുമില്ല. ഏകനായ ദൈവം, അല്ലാഹു, മുഹമ്മദ് നബി (സ. അ) അവന്റെ പ്രവാചകനാകുന്നു. ദൈവം എല്ലാ ന്യൂനതകളിൽ നിന്നും മുക്തനാണ്. അവൻ പരിശുദ്ധനാണ്. അവൻ എല്ലാത്തിനേക്കാളും ഉയർന്നവനുമാണ്. എല്ലാ നന്മയും അവനാകുന്നു. എല്ലാ കരുണയും അവനാകുന്നു. എല്ലാ ശക്തിയും അവനാകുന്നു. അവനു പങ്കുകാരനില്ല. അവൻ പ്രസവിച്ചവനോ പ്രസവിക്കപ്പെട്ടവനോ അല്ല. കാരണം ഈ പറയപ്പെട്ട കാര്യങ്ങളൊക്കെ ബലഹീനരായ മാനവ രാശിയുടെ സ്വഭാവ സവിശേഷതകളാണ്. ദൈവവുമായി ഒരു സ്ഥിരബന്ധം സ്ഥാപിക്കുവാൻ ഇസ്ലാം നമ്മെ സഹായിക്കുന്നു. മാത്രമല്ല, ഭൂമിയിലെ ജീവിതത്തിൽ എല്ലാ കാര്യങ്ങളിലും നമ്മുടെ സഹായിയായി അവൻ വർത്തിക്കുന്നു. ഏക ദൈവത്തിലുള്ള ഈ വിശ്വാസമാണ് ഇസ്ലാമിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇസ്ലാമിന്റെ സ്തംഭങ്ങളൊക്കെ ഇതിലാണ് ബന്ധിച്ചിരിക്കുന്നത്. ഓരോ വിശ്വാസവും ഇതിലാണ് തൂക്കിയിട്ടിരിക്കുന്നത്.

ഏബ്രഹാം, മോസസ്, ജീസസ്, ശ്രീകൃഷ്ണൻ, ബുദ്ധൻ, കൺഫ്യൂഷ്യസ്, സൊറാസ്റ്റർ തുടങ്ങി എല്ലാ പ്രവാചകരിലുമുള്ള വിശ്വാസം ഇസ്ലാം നിലനിർത്തുന്നു. നാം ഇവരെയെല്ലാം (മറ്റു ധാരാളം പേരുടെ പേര് ഇവിടെ പറഞ്ഞിട്ടില്ല.) ദൈവീക അധ്യാപകരായി കണക്കാക്കുകയും ഇവരെയെല്ലാം മാനവരാശിയെ സംസ്കരിക്കുവാനും പ്രവർത്തനോമുഖരാക്കുവാനും മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുവാനും ആഗതരായിട്ടുള്ളവരാണെന്നും വിശ്വസിക്കുന്നു.

മറ്റുചില മതങ്ങളിലെ അനുയായികൾ ഭക്തിമാർഗ്ഗം എന്ന നിലയിൽ മറ്റിതര ജനങ്ങളിലെ പ്രവാചകന്മാരെ അപകീർത്തിപ്പെടുത്തുകയും തരംതാഴ്ത്തി സംസാരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഇസ്ലാം മതത്തിന്റെ ഏതെങ്കിലും ഒരു വിശ്വാസി ഒരു പ്രാവശ്യം ചെയ്താൽ (അതായത് ഇതരമത പ്രവാചകന്മാരെ ഏതെങ്കിലും രീതിയിൽ താഴ്ത്തി സംസാരിച്ചാൽ) തന്റെ മതത്തെ അവൻ അപമാനിക്കുകയാണ് ചെയ്യുന്നത്.

അദ്ദേഹത്തിന്റെ മേൽ സമാധാനമുണ്ടാകട്ടെ എന്ന ആദരണീയമായ ആശീർവാദം ഓരോ പ്രവാചകന്റെ പേരു കേൾക്കുമ്പോഴും പറയുക എന്നത് അവന്റെ ബാധ്യതയാണ്, ഇസ്ലാമികാധ്യാപനമാണത്. അങ്ങനെ എല്ലാ മതങ്ങൾക്കുമിടയിൽ സമാധാനം സ്ഥാപിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്.

## *Islam - Ethics and Observances*

## ഇസ്‌ലാം : – സദാചാരസംഹിതയും അനുഷ്ഠാനങ്ങളും

സദാചാരസംഹിതയ്ക്കും അനുഷ്ഠാനങ്ങൾക്കുമുള്ള പ്രധാന ഉറവിടങ്ങൾ പ്രധാനമായും വിശുദ്ധ ഖുർആൻ – ദൈവ വചനങ്ങളും രണ്ടാമതായി വിശുദ്ധ പ്രവാചകന്റെ വാക് രൂപത്തിലുള്ള അധ്യാപനങ്ങളും, പ്രവർത്തി രൂപത്തിലുള്ള മാതൃകകളും അഥവാ സുന്നത്ത് ആകുന്നു. വിശുദ്ധ ഖുർആനിൽ 114 അധ്യായങ്ങളാണുള്ളത് അഥവാ സൂറത്തുകൾ, ഇതിൽ 86 എണ്ണം മക്കയിൽ വെച്ചും ബാക്കി 28 എണ്ണം മദീനയിൽ വെച്ചുമാണ് അവതീർണ്ണമായതു. ആകെ 6350 വചനങ്ങളുണ്ട്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ.അ) ആണ് അതിലെ അദ്ധ്യായങ്ങൾ ക്രമപ്പെടുത്തിയത്. ദൈവവചനങ്ങൾ എന്ന് അവകാശപ്പെടുന്ന ഏക ഗ്രന്ഥം ഇതുമാത്രമാണ്. അതുപോലെ ദൈവം താൻ തന്നെ ഈ ഗ്രന്ഥത്തെ സംരക്ഷിക്കുമെന്നും അവകാശപ്പെടുന്ന ഗ്രന്ഥവും ഇതുമാത്രമാണ്. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ (സ.അ) യ്ക്ക് ലഭിച്ച അതേ രീതിയിൽ നിലകൊള്ളുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ എന്ന് ലോക വ്യാപകമായി അംഗീകരിച്ചിട്ടുള്ളതുമാകുന്നു.

ആയിരക്കണക്കിനാളുകൾ ആദ്യകാലത്തും ഇപ്പോഴും ഓരോ തലമുറയിലും വിശുദ്ധ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയിരുന്നു, ഹൃദിസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. ഇതു വിശുദ്ധ ഖുർആന്റെ മാത്രം പ്രത്യേകതയാണ്. മറ്റൊരു മതഗ്രന്ഥത്തിന്റെ കാര്യത്തിലും ഇതു ശരിയല്ല. അങ്ങനെ സംഭവിച്ചിട്ടില്ല. ഈ ഗ്രന്ഥത്തിന്റെ അറബി രൂപം പരിപൂർണ്ണമാണ്. ഏറ്റവും നല്ല പരിഭാഷകൾക്കുപോലും, ഇതിന്റെ സൗന്ദര്യത്തിലും, താളത്തിലും, ശക്തിയിലും യഥാർത്ഥ രൂപത്തോടു കിടപിടിക്കുവാൻ സാധ്യമല്ല.

ഇസ്ലാമിന്റെ രണ്ടാമത്തെ ഉറവിടം പരിശുദ്ധ പ്രവാചകന്റെ സുന്നത്താണ്. മതങ്ങളുടെ ഇടയിൽ ഇസ്ലാമിന് സമുന്നതമായ സ്ഥാനമാണുള്ളത്. കാരണം അതിന് ഒരു കലിമയുണ്ട്. വിശ്വാസത്തെ ദൃഢപ്പെടുത്തുന്ന കലിമ അതായത് ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി അതായതു ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല, മുഹമ്മദ് (സ.അ) അവന്റെ സന്ദേശവാഹകനാണ്.

## ഇസ്‌ലാമിന്റെ പ്രധാന വിശ്വാസ പ്രമാണങ്ങൾ

1. ദൈവത്തിലുള്ള (അല്ലാഹു) വിശ്വാസം. പ്രപഞ്ച സൃഷ്ടാവും അതിനെ നിലനിർത്തുന്നവനുമാണ്. അവൻ ഏകനാണ്, എന്നെന്നും നിലനിൽക്കുന്നവനാണ്. അനന്തനാണ്, എല്ലാം അറിയുന്നവനാണ്, കരുണാവാരിധിയാണ്, സർവ്വശക്തനാണ്, മഹോന്നതനാണ്, വ്യക്തിയിലോ, പ്രകൃതിയിലോ അദൃശ്യനാണ്. തോഴനില്ലാത്തവനാണ്. പങ്കുകാരില്ലാത്തവനാണ്. സന്താനമില്ലാത്തവനാണ്.

വിശുദ്ധ ഖുർആനിൽ 103 ൽ പരം ഗുണവിശേഷങ്ങൾ അവന്റേതായി നൽകിയിരിക്കുന്നു. മനുഷ്യരുടെ കാര്യങ്ങൾ അവൻ തന്റെ തഖ്ദീർ (മുൻകൂട്ടിയുള്ള തീരുമാനം) അനുസരിച്ചും തദ്ബീർ (സ്വാതന്ത്രം) നൽകിയും ഭരിക്കുന്നു. ദൈവത്തിനു സമന്മാരെ കൽപ്പിക്കുക എന്നതാണ് ഒരു മനുഷ്യൻ ചെയ്യാവുന്ന ഏറ്റവും വലിയ പാപം ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തം ഏക ദൈവാരാധനയിലധിഷ്ടിതമായതാണ്.

2. ദൈവത്തിന്റെ മാലാഖമാരിലുള്ള വിശ്വാസം, ദൈവത്തെ സേവിക്കാനായി സൃഷ്ടിക്കപ്പെട്ട സൃഷ്ടികൾ, പ്രകൃതി ശക്തികളെ പ്രവർത്തിപ്പിക്കുന്ന ജോലി നൽകിയിരിക്കുന്നു. ചില മാലാഖമാർ ദൈവീക വെളിപാടുകൾ എത്തിക്കുന്ന പ്രതിനിധികളായി വർത്തിക്കുന്നു.
3. വെളിപാടുകളിലുള്ള വിശ്വാസം, മനുഷ്യർ എത്തിക്കുന്ന ദൈവിക മാർഗ്ഗദർശനം, മുൻകഴിഞ്ഞ ഈശ്വരാജ്ഞകൾ, മൂസാ (അ) യുടെ തോറയും ക്രിസ്തുവിന്റെ സുവിശേഷങ്ങളും, സാർവദേശീയ ഭാവമില്ലായിരുന്നു. മാത്രമല്ല അനേകം കൂട്ടിച്ചേർക്കലുകൾക്ക് ഇടയാവുകയും ചെയ്തു. വിശുദ്ധ ഖുർആൻ മാനവരാശിക്ക് മുഴുവൻ ബാധകമാക്കിയിരിക്കുകയാണ്. ലോകാവസാനം വരെയും അത് റദ്ദു ചെയ്യുകയോ പരിവർത്തന വിധേയമാവുകയോ ചെയ്യുന്നതല്ല.
4. പ്രവാചകന്മാരിലുള്ള വിശ്വാസം, ദൈവത്തിൽ നിന്നും നേരിട്ടു ലഭിക്കുന്ന ദിവ്യജ്ഞാനം അതായത് ദൈവിക സന്ദേശത്തെ ആരിലാണോ വിശ്വസിച്ച് ഏൽപ്പിക്കുന്നത് അവർ. അവരിലുള്ള വിശ്വാസം. അവർ ആയിരക്കണക്കിനു വന്നിട്ടുണ്ട്. എല്ലാ കാലഘട്ടത്തിലും വന്നിട്ടുണ്ട്. എല്ലാ വർഗ്ഗങ്ങളിലും, എല്ലാ ഭാഷയിലും, അവർ എല്ലാവരേയും തുല്യമായി അംഗീകരിക്കേണ്ടതാണ്. മുഹമ്മദ് (സ.അ) യെ പ്രവാചകന്മാരുടെ മുദ്ര എന്നറിയപ്പെടുന്നു. കാരണം അദ്ദേഹത്തിലൂടെ അന്തിമ നിയമം നിലവിൽ വന്നു. എന്നാൽ മറ്റു സുവിശേഷകർക്ക് മുന്നറിയിപ്പുകാരായും, പരിഷ്കർത്താക്കളായും, അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽ വരാവുന്നതാണ്.
5. പരലോക ജീവിതത്തിലുള്ള വിശ്വാസം, ബർസഖ്, അന്ത്യനാൾ, ഉയർത്തെഴുന്നൽപ്പ്, വിധി, സ്വർഗ്ഗം, നരകം എന്നിവയിലുമുള്ള വിശ്വാസം,

മനുഷ്യാത്മാവിന് ശരീരം വിട്ടൊരു നിലനിൽപ്പില്ല. അതിനാൽ മരണാനന്തരം ഉടൻ തന്നെ ഒരാത്മീയ ശരീരത്തിൽ ആത്മാവ് പ്രവേശിക്കുന്നു. ഭ്രംശനാവസ്ഥയിലായ ആത്മാവിന്റെ അവസ്ഥ ബർസഖ് കാലഘട്ടം എന്ന പേരിൽ അറിയപ്പെടുന്നു. അതിനു സ്വർഗ്ഗമാണോ നരകമാണോ ലഭിക്കുക എന്ന് അറിയപ്പെടുന്നത് വിധി നാളിലാണ്. അതിനാലാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മരണാന്തരം ഉടൻ തന്നെ രക്ഷയുടെയോ ശിക്ഷയുടെയോ ഒരവസ്ഥ രൂപപ്പെടുന്നു– എന്ന്.

## ഒരു മുസ്ലീം മതപരമായ അഞ്ചു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്

1. നമസ്കാരം നിർവ്വഹിക്കുക, ഇസ്ലാമിന് മാത്രം അവകാശപ്പെട്ട ഒരു പ്രവർത്തിയാണ് പൊതുവായ പ്രാർത്ഥന. ഒരു ദിവസം അഞ്ചു പ്രാവശ്യം ഇത് നിർവ്വഹിക്കുന്നു. ഒറ്റയ്ക്കോ, ഒരു നേതാവിന്റെ പിന്നിലോ ഇത് നിർവ്വഹിക്കപ്പെടുന്നു. ചില സന്ദർഭങ്ങളിൽ മധ്യാഹ്ന നമസ്കാരവും (സുഹ്ർ) അസ്ർ നമസ്കാരവും ഒരുമിച്ചും, സന്ധ്യ നമസ്കാരവും (മഗ്രിബ്) രാത്രി നമസ്കാരവും (ഇശാഅ്) ഒരുമിച്ചും നിർവ്വഹിക്കാവുന്നതാണ്. മക്കയ്ക്ക് (ഖിബ്ല) അഭിമുഖമായി നിന്ന് നമസ്കാരം നിർവ്വഹിക്കേണ്ടതാണ്. പ്രാർത്ഥനയ്ക്ക് മുമ്പ് അംഗശുദ്ധി ശുദ്ധി വരുത്തൽ നിർബന്ധമാണ്. വിശുദ്ധ പ്രവാചകനെ ജിബ്രീൽ (അ.സ) എന്ന മലക്ക് നമസ്കാരത്തിൽ ശരീരത്തിന്റെ അവസ്ഥകൾ എങ്ങനെയായിരിക്കണമെന്ന് പഠിപ്പിക്കുകയുണ്ടായി. ഭൂമിയിലുള്ള എല്ലാ രാജ്യങ്ങളിലും ഒരേ രീതിയിലാണ് നമസ്കാരങ്ങൾ നിർവ്വഹിക്കുന്നത്. എന്നത് എടുത്തു പറയേണ്ട കാര്യമാണ്. അതായത്, നിൽക്കുക, കുനിയുക, നിവരുക, സാഷ്ടാംഗപ്രണാമം ചെയ്യുക, ഇരിക്കുക തുടങ്ങിയവ.കൂട്ട പ്രാർത്ഥനക്കായി ബാങ്ക് വിളിക്കുന്നു.

   എല്ലാ വെള്ളിയാഴ്ചയും മധ്യാഹ്ന നമസ്കാരത്തിനു മുമ്പ് ഒരു ഖുത്ബ (പ്രസംഗം) നിർവ്വഹിക്കുന്നതാതാണ്. കഴിയുന്ന എല്ലാ പേരും പ്രസ്തുത പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ കൽപ്പിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ദിവസം ഒരു വിശ്രമംദിനമായി പ്രഖ്യാപിച്ചിട്ടില്ല.

2. സമുദായ ക്ഷേമത്തിനായി ഒരു കേന്ദ്രഫണ്ട് എന്ന നിലയിൽ ധന സംഭാവന എന്ന നിലയിൽ നിയമാനുസൃതമായ നികുതി (സക്കാത്ത്) നൽകേണ്ടതാണ്.

   ആകെ സമ്പാദ്യത്തിന്റെ വാർഷിക തുകയിൽ നിന്നും രണ്ടര ശതമാനം തുക സക്കാത്തായി നൽകേണ്ടതാണ്. ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്ത മറ്റു സമ്പാദ്യങ്ങളുടെ മേൽ സക്കാത്തു കണക്കാക്കുന്നത് മറ്റു രീതിയിലാണ്.

3. പ്രഭാതം മുതൽ സൂര്യാസ്തമയം വരെ റമസാൻ മാസത്തിൽ വ്രതമനുഷ്ടിക്കൽ. രോഗികൾ, പ്രായാധിക്യമുള്ളവർ, യാത്രക്കാർ തുടങ്ങിയവർക്ക് ചില ഇളവുകൾ, അനുവദിച്ചിട്ടുണ്ട്. വ്രതാനുഷ്ടാനം ആത്മീയാനുഗ്രഹങ്ങൾക്കും, ശാരീരികാനുഗ്രഹങ്ങൾക്കും നിദാനമാകുന്നു.

4. ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും കഴിവുള്ളവർ മക്കയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കേണ്ടതാണ്.

4000 വർഷങ്ങൾക്കു മുമ്പ് ഇബ്രാഹീം (അ) നിർവ്വഹിച്ച ഹജ്ജിന്റെ ശരിപ്പകർപ്പാണ് കഅ്ബയിൽ നടക്കുന്ന മതപരമായ ചടങ്ങുകൾ. ഇസ്ലാമിക സാഹോദര്യത്തിനു ഉത്തേജനം പകരുന്ന ഒരു വലിയ ചടങ്ങാണത്. എല്ലാ രാജ്യത്തു നിന്നുമുള്ള സ്ത്രീ പുരുഷന്മാരും എല്ലാ വർഗ്ഗത്തിലുംപെട്ടവർ വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ വർഷത്തിലൊരിയ്ക്കൽ, അനേക ലക്ഷങ്ങൾ സമ്മേളിക്കുന്ന വൻ സദസ്സാണത്.

5. ജിഹാദിൽ പങ്കെടുക്കുക അതായതു വിശ്വാസ സംരക്ഷണത്തിനായി കഠിനമായി പരിശ്രമിക്കുക ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിന് പ്രത്യേക പിൻതുടർച്ച ക്രമം നൽകിയിരിക്കുന്നു. മതം സമ്മർദ്ദത്തിലകപ്പെട്ടാൽ പ്രതിരോധത്തിനായി അതിന്റെ നേതാവിന്റെ കൽപ്പന പ്രകാരം ആയുധമണിയുക എന്നതു സമുദായത്തിന്റെ മുഴുവൻ ബാധ്യതയാണ്. മതത്തിൽ യാതൊരുവിധ നിർബന്ധവും പാടില്ല എന്ന് വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നു. ഇസ്ലാം വാളുകൊണ്ട് പ്രചരിച്ച മതമാണ് എന്ന പ്രചരണം തികച്ചും കളവാണ്.

സാന്മാർഗ്ഗികമായ നിലയിൽ പറഞ്ഞാൽ ഓരോ മനുഷ്യനും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണെന്നും ഇസ്ലാം വിശ്വസിക്കുന്നു. പാപിയായി മനുഷ്യൻ ജനിക്കുന്നില്ല. ഓരോരുത്തരും തങ്ങളുടെ ദൈവത്തിന്റെ മുമ്പിൽ തന്റെ പ്രവർത്തനങ്ങളെ കുറിച്ചു കണക്ക് ബോധിപ്പിക്കേണ്ടിവരും.ഒരു മൂന്നാംപാർട്ടി നമ്മുടെ തെറ്റുകളിൽ നിന്നും നമ്മെ മുക്തമാക്കുമെന്ന് ഇസ്ലാം വിശ്വസിക്കുന്നില്ല.

ശരി തെരഞ്ഞെടുക്കണമോ, തെറ്റു തെരഞ്ഞെടുക്കണമോ എന്നത് നമ്മുടെ ഇഷ്ടത്തിന് ദൈവം വിട്ടിരിക്കുന്നു. വിശ്വാസത്തിലൂടെയും, പ്രാർത്ഥനയിലൂടെയും, നന്മയിലധിഷ്ടിതമായ പ്രവർത്തനത്തിലൂടെയും മുക്തി ആഗ്രഹിക്കുന്നവർക്ക് അതു നേടാവുന്നതാണ്. ഈ ലോകത്തിലെ നിയമാനുസൃതമായ സുഖങ്ങൾ ആസ്വദിക്കുന്നതിന് ഇസ്ലാം എതിരല്ല. നന്മയും ശുദ്ധതയും അർദ്ധമാക്കുന്നത് ഏകാന്ത ജീവിതവും താപസവൃത്തിയുമല്ല. പ്രവർത്തന നിരതമായ, ആരോഗ്യ പൂർണ്ണമായ, പ്രയോജനകരമായ ഒരു ജീവിതമാണ് നാം നയിക്കേണ്ടത്. ആ ജീവിതം നമുക്ക് നന്മകൾകൊണ്ട് സമർത്ഥമാക്കേണ്ടതാണ്. ദയ, ദീനാനുകമ്പ, വിശ്വസ്തത, ശാന്തത, അനുകമ്പ, ധൈര്യം, സത്യസന്ധത, ക്ഷമ, വിനയം, ശുചിത്വം എന്നിവ മേൽക്കൈ നേടുകയും, ക്രൂരത, അധാർമ്മികത, ചതി, അഹംഭാവം, ഭീരുത്വം, അമിത ധനേച്ഛ, ദുരാരോപണം, ഹൃദയ കാഠിന്യം ഇവ ഉന്മൂലനം ചെയ്യേണ്ടതാണ്.

ഇസ്ലാം സുഖഭോഗ ജീവിതത്തെ നിരോധിക്കുന്നു. ജീവൻ നിലനിർത്താൻ വേണ്ടിയല്ലാതെ പന്നിമാംസവും, രക്തവും കഴിക്കാൻ പാടില്ല എന്നു കൽപ്പിക്കുന്നു. അതുപോലെ മദ്യപാനം നിരോധിച്ചിരിക്കുന്നു. അതുപോലെ തന്നെ മറ്റു ലഹരി പദാർത്ഥങ്ങളും ചൂതാട്ടം, പന്തയം വെയ്പ്, പലിശയ്ക്കു പണം കൊടുക്കൽ, തുടങ്ങിയവയും നിരോധിച്ചിരിക്കുന്നു. പന്നിമാംസ്യം trichinosis ന്റെ ഉറവിടമാണെന്നും, ലജ്ജയില്ലായ്മയെ ഉത്തേജിപ്പിക്കുന്നതാണെന്നും ഇന്ന് എത്ര പേർക്ക് അറിയാം ? അഥവാ ആ മദ്യം ശാരീരികമായ അപകടങ്ങളേക്കാളുപരി മതപരമായ വിശ്വാസത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു എന്നതത്രെ സത്യം.

## *The Main Objective of Islam*

## ഇസ്ലാമിന്റെ പ്രധാന ലക്ഷ്യങ്ങൾ

ദൈവത്തിന്റെ സത്യതയിൽ, ജനം സ്വയം പൂർണ്ണമായും അർപ്പണം ചെയ്യുകയും, അവർ അവനു വേണ്ടി സേവനം ചെയ്യുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുക എന്നതാണ് ഇസ്ലാമിന്റെ പ്രധാന ലക്ഷ്യം.

അതുപോലെ ദൈവത്തിന്റെ നിയമമായിരിക്കണം ജനങ്ങൾ അവരുടെ ജീവിതത്തെ മുന്നോട്ടു നയിക്കുവാൻ സ്വീകരിക്കേണ്ടതു. മാത്രമല്ല അനീതിയെ ഉന്മൂലനം ചെയ്യുവാൻ ഇസ്ലാം ആവശ്യപ്പെടുന്നു. തിന്മകൾ തുടച്ചു നീക്കപ്പെടണം, കാരണം അതു ദൈവ കോപത്തിനിടയാക്കുന്നു. അതുപോലെ നന്മകൾ പുലരണം. സാമൂഹ്യനീതി സംരക്ഷിക്കപ്പെടണം. കാരണം ദൈവം അവ ഇഷ്ടപ്പെടുന്നു.

വിശ്വാസികളുടേയും നല്ലവരുടേയും കൈകളിൽ സമുദായത്തിന്റെ അധികാരം നിലനിന്നാൽ മാത്രമെ ഇസ്ലാമിന്റെ ലക്ഷ്യങ്ങൾ പൂവണിയുകയുള്ളൂ. ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന എല്ലാവരുടേയും പ്രധാന കർത്തവ്യമാണ്, തന്റെ ജീവനും സ്വത്തും വ്യവസ്ഥാപിതമായ ധർമ്മ സമരത്തിനു വേണ്ടി അർപ്പിക്കുക എന്നത്.

നല്ലവരുടെ കൈകളിൽ അധികാരം സുരക്ഷിതമായിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്, ദൈവത്തെ പ്രീതിപ്പെടുത്തുവാൻ മറ്റൊരു മാർഗ്ഗവുമില്ല.

ദൈവത്തിന്റെ മുമ്പിൽ സർവ്വവും അർപ്പിക്കുന്ന ഒരു സമുദായത്തെ (ജമാഅത്ത്) സ്ഥാപിക്കുക എന്ന് വിശുദ്ധ ഖുർ ആനും തിരുനബി വചനങ്ങളും ശക്തമായി ആവശ്യപ്പെടുന്നു. കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്നത് ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. ഇത്തരത്തിലുള്ള ഒരു സമുദായത്തിനെതിരിൽ ആരെങ്കിലും എതിർത്താൽ ഓരോ മുസ്ലീമിന്റേയും ബാധ്യതയാണ് അവനെതിരിൽ പോരാടുക എന്നതും അവൻ ഏക ദൈവത്തിൽ വിശ്വസിക്കുന്നു എന്നവകാശപ്പെട്ടാലും പ്രാർത്ഥനകൾ നിർവ്വഹിച്ചാലും ശരി.

കാരണം, ദൈവീക മാർഗ്ഗദർശനത്തെ അടിസ്ഥാനമാക്കി ഒരു ജീവിത പദ്ധതി സ്ഥാപിച്ചാൽ, ഇസ്ലാമിന്റെ അത്യന്ത്യക ലക്ഷ്യം ആവശ്യപ്പെടുന്നത് നന്മയും, കൂട്ടായ സംഘടനാപരമായ അധികാരവുമാണ്.

വിശുദ്ധ ഖുർആനിൽ, ഓരോ അധ്യായത്തിലും നിങ്ങൾക്കു കാണാവുന്നതാണ് (അധ്യായം 9 ഒഴികെ) അതായതി അത് ആരംഭിക്കുന്നത് പരമകാരുണ്യകനും കരുണാനിധിയുമായ ദൈവത്തിന്റെ നാമത്തിലാണ് എന്ന്.

ദൈവീക ഗുണവിശേഷങ്ങളായ, കരുണയും, അനുകമ്പയും, വിശുദ്ധ ഖുർആന്റെ എല്ലാ പേജിലും നിങ്ങൾക്കു കാണാൻ കഴിയും. എന്നിട്ടവൻ വിസ്മയകരമായ പ്രഖ്യാപനം നടത്തുന്നു. അതായത് പ്രണയത്തെപ്പറ്റി എന്തെങ്കിലും പരാമർശിക്കുന്നത് ഗ്രന്ഥത്തിലൊരിടത്തുമില്ല.

വിശുദ്ധ ഖുർആനിൽ ദൈവം പറയുന്നു.

‘‘നിങ്ങൾക്കും, അവരിൽ നിന്ന് നിങ്ങളേതൊരു കൂട്ടരുമായി ശത്രുതയിൽ വർത്തിക്കുന്നുണ്ടോ അവർക്കും തമ്മിൽ അല്ലാഹു (ഭാവിയിൽ) സ്നേഹമുണ്ടാക്കിയെന്നുവരാം. അല്ലാഹു സർവ്വശക്തനാണ്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (60 : 8)’’

‘‘വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ടിക്കുകയും ചെയ്യുന്ന തന്റെ ദാസർക്ക് അല്ലാഹു സന്തോഷ വാർത്തയറിയിക്കുന്നത് അതാണ്. പറയുക, ഞാൻ അതിന് നിങ്ങളോട് അടുത്ത ബന്ധുക്കൾക്കിടയിലുള്ള (സ്നേഹം പോലുള്ള) സ്നേഹമല്ലാതെ മറ്റൊരു പ്രതിഫലവും ചോദിക്കുന്നില്ല. ആരെങ്കിലും ഒരു നല്ല കാര്യം സമ്പാദിക്കുന്നതായാൽ അതിൽ നാം അവന് നന്മ വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തു കൊടുക്കുന്നവനും (സൽക്കർമ്മങ്ങളെ) വിലയിരുത്തുന്നവനുമാണ് (42:24) ’’

(നേതാക്കളെ) പിന്തുടർന്നവർ പറയും (ലോകത്തിലേക്ക് തിരിച്ചു പോകാൻ ഞങ്ങൾക്ക് ഒരവസരം ലഭിച്ചുവെങ്കിൽ, അവർ ഞങ്ങളെ കൈവിട്ടതുപോലെ ഞങ്ങൾക്ക് അവരെയും ഉപേക്ഷിക്കാമായിരുന്നു. ഇപ്രകാരം അല്ലാഹു അവരുടെ കർമ്മഫലങ്ങളെ അവർക്ക് ദുഃഖകരങ്ങളായി കാണിക്കും. അവരാകട്ടെ നരകാഗ്നിയിൽ നിന്ന് പുറത്തേക്ക് പോകുന്നതുമല്ല. (2:168)

നിങ്ങളുടെ മുഖങ്ങൾ കിഴക്കും പടിഞ്ഞാറും തിരിക്കുന്നത് പുണ്യമൊന്നുമല്ല. എന്നാൽ അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും (അല്ലാഹുവിന്റെ) ഗ്രന്ഥത്തിലും പ്രവാചന്മാരിലും വിശ്വസിക്കുകയും അവനോടുള്ള സ്നേഹം നിമിത്തം അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കം വഴിയാത്രക്കാരനും (ധനസഹായം) ആവശ്യപ്പെടുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും, ധനം നൽകുകയും, നമസ്കാരം നിലനിർത്തുകയും സക്കാത്തു കൊടുക്കുകയും കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുകയും കഷ്ടപ്പാടിലും ദുരിതാവസ്ഥയിലും സഹനം കൈകൊള്ളുകയും യുദ്ധാവസരത്തിൽ സ്ഥിര പാദരായി വർത്തിക്കുകയും ചെയ്യുന്നവരത്രെ സാക്ഷാൽ പുണ്യവാന്മാർ. അവർ സത്യം പാലിച്ചവരാണ്. അവർ തന്നെയാണ് (യഥാർത്ഥ) ഭക്തന്മാർ

പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. വി.ഖു. (3:32)

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ (ധനം) ചെലവു ചെയ്യുക. നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്. നിങ്ങൾ നന്മ ചെയ്യുക. നിശ്ചയമായും നന്മചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (2:196)

നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു. (ബാഹ്യവും ആന്തരികവുമായ) പരിശുദ്ധി കൈവരിക്കുന്നവരേയും അവൻ സ്നേഹിക്കുന്നു. (വി. ഖുർആൻ 2 : 223)

അങ്ങനെയല്ല, ഏതൊരാൾ തന്റെ കരാർ പൂർത്തിയാക്കുകയും സൂക്ഷ്മതപാലിക്കുകയും ചെയ്യുന്നുവോ (അയാൾ സാത്വികനാകുന്നു.) നിശ്ചയമായും അല്ലാഹു സൂക്ഷ്മത കാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (വി. ഖുർ ആൻ (3:77)

എത്രയെത്ര പ്രവാചകന്മാർ (കഴിഞ്ഞുകടന്നു) അവരുടെ കൂടെ നിരവധി ദൈവഭക്തന്മാർ യുദ്ധം ചെയ്തിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവരെ ബാധിച്ച ബുദ്ധിമുട്ടു നിമിത്തം അവർക്ക് ധൈര്യക്ഷയമുണ്ടായില്ല. അവർ ബലഹീനരായതുമില്ല. അവർ (ശത്രുക്കൾക്ക്) കീഴടങ്ങിയതുമില്ല. സ്ഥിരചിത്തരായി നില കൊള്ളുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (വി. ഖുർആൻ 3 : 147)

അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറിപ്പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. അതിനാൽ, അവർക്ക് നീ മാപ്പ് നൽകുകയും അവർക്കായി പാപമോചനത്തിനു വേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിങ്കൽ ഭാരമേൽപ്പിക്കുക, തീർച്ചയായും അല്ലാഹു (തന്നിൽ) ഭാരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു.) (വി.ഖുർആൻ 3 : 160)

അവർ കള്ളവാർത്തകൾ വളരെയധികം കേൾക്കുന്നവരാണ്. നിഷിദ്ധമായത് വളരെയധികം ഭക്ഷിക്കുന്നവരാണ്. അവർ നിന്റെയടുക്കൽ വന്നാൽ നീ അവർക്കിടയിൽ തീരുമാനം കൽപ്പിക്കുകയോ അവരിൽ നിന്ന് അകന്നു നിൽക്കുകയോ ചെയ്യുക. നീ അവരിൽ നിന്ന് അകന്നു നിൽക്കുന്ന പക്ഷം അവർ നിനക്ക് യാതൊരു ദ്രോഹവും വരുത്തിവെയ്ക്കുകയില്ലതന്നെ. നീ തീരുമാനം കൽപ്പിക്കുന്നതായാൽ നീതി പൂർവ്വം അവർക്കിടയിൽ തീരുമാനം കൽപ്പിക്കുക. തീർച്ചയായും അല്ലാഹു നീതിപൂർവ്വം തീരുമാനം കൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (വി. ഖുർആൻ 5 : 43)

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്തവരാരോ അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങളെനുഷ്ഠിക്കുകയും, എന്നിട്ട് അവർ സൂക്ഷ്മതയിൽ പുരോഗതി പ്രാപിക്കുകയും വിശ്വസിക്കുകയും, പിന്നീട് ഭയഭക്തിയിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയും സൽക്കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതായാൽ അവർ ഏതൊന്നു ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (വി. ഖുർആൻ 5 : 94)

ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരിൽ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ, അപ്പോൾ, അവരുടെ കരാർ അവരുടെ (കരാറിന്റെ) കാലപരിധിവരെ നിങ്ങൾ തികച്ചും പൂർത്തിയാക്കുക, നിശ്ചയമായും അല്ലാഹു സൂക്ഷ്മതപാലിക്കുന്നവരെ സ്നേഹിക്കുന്നു. (വി. ഖുർആൻ 9 : 4)

## *Fear and Love of God*

## ദൈവത്തോട് സ്നേഹവും, ഭയവും

ആരാധനയ്ക്ക് രണ്ട് വശങ്ങളുണ്ടു. ഒന്ന് ദൈവത്തെ അവൻ ഭയപ്പെടുക എന്നതാണ്. ദൈവത്തോടുള്ള ഭയം പരിശുദ്ധിയുടെ നീരൊഴുക്കിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുന്നു. അവന്റെ ആത്മാവ് മെല്ലെ മെല്ലെ അലിഞ്ഞ് ദൈവത്തിലേക്ക് ഒഴുകി എത്താൻ, അതു സഹായിക്കുന്നു. അങ്ങനെ മനുഷ്യനെ ഒരു യഥാർത്ഥ ആരാധകനാക്കി മാറ്റുന്നു.

രണ്ടാമത്തേത്, മനുഷ്യൻ ദൈവത്തെ സ്നേഹിക്കണം. സ്നേഹിക്കപ്പെടാൻ ദൈവം തികച്ചും അർഹനാണ്. അല്ലാഹു പറയുന്നു. ‘‘വിശ്വാസികൾ ആരാണോ, അവർ ദൈവത്തെ ശക്തമായി സ്നേഹിച്ചു കൊള്ളട്ടെ.’’ ധാർമ്മികതയും ദൈവത്തോടുള്ള സ്നേഹവായ്പും യാഥാർത്ഥ്യമായതും സത്യവുമാണ് മറ്റെല്ലാം ക്ഷണഭംഗുരങ്ങളാണ്.

ദൈവത്തിന് അവകാശപ്പെട്ട രണ്ടു കാര്യങ്ങളാണിവ. മനുഷ്യരിൽ നിന്നും ദൈവം അത് ആവശ്യപ്പെടുന്നു. ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ മിക്കവാറും എല്ലാ ആരാധന ക്രമങ്ങളും അതിൽ അന്തർലീനമായിരിക്കുന്നതായി കാണാം. ഇസ്ലാം രണ്ടു രീതിയിലുള്ള ആരാധനകൾ കൽപ്പിച്ചിരിക്കുന്നു അവ രണ്ടും ദൈവത്തിനോടുള്ള ഭയവും സ്നേഹവും കൊണ്ടായിരിക്കണമെന്നും അതു ആവശ്യപ്പെടുന്നു.

പ്രകടമായ കാര്യം ഇവയെ അതായത് ഭയത്തെയും സ്നേഹത്തേയും സംയോജിപ്പിക്കുവാൻ അസാധ്യമാണ്. ഒരാൾ ചിന്തിക്കാൻ തുടങ്ങുന്നു. ഏതൊന്നിനെയാണോ ഭയപ്പെടുന്നത് അതിനെ എങ്ങനെയാണ് സ്നേഹിക്കാൻ കഴിയുന്നത്.

എന്നാൽ ദൈവത്തെ ഭയപ്പെടുക എന്നതും അവന്റെ സ്നേഹവും വ്യത്യസ്ഥ പ്രകൃതത്തോടു കൂടിയതാണ്. ദൈവത്തെ ഭയപ്പെടുന്നതിന്റെ അളവ് വർദ്ധിക്കുന്നതനുസരിച്ച് അവൻ അവനെ കൂടുതൽ സ്നേഹിക്കുവാൻ

തുടങ്ങുന്നു. അവൻ ദൈവത്തെ കൂടുതൽ സ്നേഹിക്കുമ്പോൾ, അവൻ ദൈവത്തെ കൂടുതൽ ഭയപ്പെടുവാൻ തുടങ്ങുന്നു., ദൈവത്തെ അവൻ മുറുകെ പിടിക്കുന്നു, എന്നിട്ട്, തെറ്റായ പ്രവർത്തികളിൽ നിന്നും അവൻ ദൂരപ്പെടുന്നു. അങ്ങനെ അവൻ പരിശുദ്ധി പ്രാപിക്കാൻ ശ്രമിക്കുന്നു.

ഈ രണ്ടു കാര്യങ്ങൾ പൂർത്തീകരിക്കുമ്പോൾ, ഇസ്ലാം അതിന്റെ അനുയായികൾക്ക് അഞ്ചു നേര നമസ്കാരവും ഹജ്ജു നിർവ്വഹണവും കൽപ്പിച്ചിരിക്കുന്നു. പ്രാർത്ഥനകൾ ദൈവഭയം നൽകുന്നു. ഹജ്ജ് കർമ്മം ദൈവസ്നേഹം നൽകുന്നു. ഭയംമൂലം പ്രാർത്ഥനാ സമയത്ത് ദാസർ വിനയാന്യതരാകുന്നു. ശരീരത്തിന്റെ വിവിധ ഭാവ പ്രകടനങ്ങളിലൂടെ ദൈവത്തിന്റെ ദാസനാണ് താനെന്നു അംഗീകരിക്കുന്നു.

ഹജ്ജ് വേളയിൽ എന്തു തന്നെ ചെയ്താലും വിവിധതരത്തിലുള്ള സ്നേഹ പ്രകടനങ്ങളാണ് നൽകുന്നത്. എന്റെ പ്രേമഭാജനവുമായി ഭക്തിപങ്കിടുകയും ഒരു സേവകന്റെ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

സ്നേഹപാരമ്യതയിൽ, ഒരാൾക്ക് വസ്ത്രത്തിന്റെ ആവശ്യകത അനുഭവപ്പെടാറില്ല. സ്നേഹം ഒരു രീതിയിൽ പറഞ്ഞാൽ ഒരു രീതിയിലുള്ള ഭ്രാന്താണ്. പ്രേമഭാജനത്തിന് വസ്ത്രസൗന്ദര്യ ദർശനത്തിൽ ശ്രദ്ധിക്കുവാൻ കഴിയുകയില്ല.

ഹജ്ജ് നിർവ്വഹണ വേളയിൽ അത്തരത്തിലുള്ള വസ്ത്രമാണ് അണിയുന്നത്. തല മുണ്ഡനം ചെയ്യുക, ഓടുക, ചുംബിക്കുക, ഈ ചുംബനം ഒരു സ്നേഹ പ്രകടനമാണ്. (എല്ലാ മതങ്ങളും ചുംബനം സ്നേഹ പ്രകടനമായി അംഗീകരിച്ചിട്ടുണ്ട്.)പ്രിയപ്പെട്ടതിനെ ബലിയർപ്പിക്കലും സ്നേഹപാരമ്യത പ്രകടിപ്പിക്കൽ തന്നെയാണ്.

## *Love and Hate*

## സ്നേഹവും വിദ്വേഷവും

സ്നേഹം നിങ്ങളുടെ ഗ്രാഹ്യ
ശക്തിക്കുമപ്പുറം തേടുന്നു
വെറുപ്പോ അനന്തമാം കാപട്യ
മല്ലാതെ മറ്റെന്ത് ?
സ്നേഹം തേടുന്നു തീരം
കാണുവാനായി തന്റെ നാഥനെ
വെറുപ്പോ, സ്നേഹിതനായിരുന്നവൻ
തന്റെ നിലപാടിനെ ചോദ്യം ചെയ്യുന്നു.
സ്നേഹം കാണുന്നു
കാപട്യത്താൽ അലംകൃതനാം
വെറുപ്പിന്റെ കണ്ണുകളെ
പശ്ചാത്താപ വിവശരാക്കും അവയെ
ബൗദ്ധികരെ പിന്തുടരുവാനായി
വെറുപ്പ് സ്നേഹ മന്ത്രണങ്ങൾ കേൾക്കും
എങ്കിലുമതിൽ മയങ്ങാതെ അലയും
സ്നേഹം കീഴടക്കുന്നു ഹൃദയങ്ങളെ
ഒന്നും ആവശ്യപ്പെടാതെ ചന്ദ്രികപോലെ
വേലിയേറ്റം പോലെ
വെറുപ്പൊരംഗരക്ഷകനെ പോലെ
നമ്മുടെ ഉൾക്കാമ്പിൽ പണിയുന്നു.
തൻ നാഥന്റെ ആജ്ഞകളെ
പാലിക്കുമെന്നാണ് വാദം
വെറുപ്പ് പ്രേയസിതൻ വികാരങ്ങളെ
വിജൃംഭിപ്പിക്കുന്നു.
സ്നേഹമോ അനുകമ്പയാലും
വെറുപ്പ് അനന്തമാം ആസ്വാദനം തേടുന്നു.
സ്നേഹമോ രണ്ടാമതൊരു ചിന്തയില്ലാതെ
തൻ പ്രേയസിയുടെ രക്ഷാർത്ഥം
പടപെട്ടുന്നവനൊപ്പം നിൽക്കാൻ കൊതിയ്ക്കുന്നു.

*Continue*/തുടരും

**വേലിയേറ്റം പോലെ**
**വെറുപ്പൊരംഗരക്ഷകനെ പോലെ**
**നമ്മുടെ ഉൾക്കാമ്പിൽ പണിയുന്നു.**
**തൻ നാഥന്റെ ആജ്ഞകളെ**
**പാലിക്കുമെന്നാണ് വാദം**
**വെറുപ്പ് പ്രേയസിതൻ വികാരങ്ങളെ**
**വിജൃംഭിപ്പിക്കുന്നു.**
**സ്നേഹമോ അനുകമ്പയാലും**
**വെറുപ്പ് അനന്തമാം ആസ്വാദനം തേടുന്നു.**
**സ്നേഹമോ രണ്ടാമതൊരു ചിന്തയില്ലാതെ**
**തൻ പ്രേയസിയുടെ രക്ഷാർത്ഥം**
**പടപെട്ടുന്നവനൊപ്പം നിൽക്കാൻ കൊതിയ്ക്കുന്നു.**

© *2011 Jamaat Ul Sahih Al Islam*